"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - WP(C)7010/2020 കേസിലെ വിധിന്യായം പ്രകാരം - ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഫയൽ ചെയ്ത അപ്പിൽ അപേക്ഷ തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.536/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

പരാമർശം:-
1. വയനാട് ജില്ലാ കളക്ടറുടെ 08/05/2015-ലെ എം3-12/21013/12 നമ്പർ ഉത്തരവ്.
2. 20/07/2015-ൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. 09/03/2020-ലെ ബഹു. ഹൈക്കോടതിയുടെ WP(C)No.7010 കേസിലെ വിധിന്യായം.

**<u>ഉത്തരവ്</u>**

വയനാട് വൈത്തിരി താലൂക്ക് കുപ്പാടിത്തറ വില്ലേജിൽ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുണ്ടക്കുറ്റി എന്ന സ്ഥലത്ത് ബ്ലോക്ക് നമ്പർ 7 ൽ റീസർവ്വെ 387/9ൽ പ്പെട്ട സ്ഥലത്ത് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യക്ക് വേണ്ടി ശ്മശാനം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ വയനാട് ജില്ലാ കളക്ടറുടെ പരാമർശം (1) ഉത്തരവിന് എതിരെ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അപ്പിൽ സമർപ്പിച്ചിരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C)No.7010/2020 കേസ് ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായ പ്രകാരം പരാമർശം ( 2 ) അപ്പീൽ അപേക്ഷ പരിഗണിച്ച് തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവായിരുന്നു.

2) പരാതിക്കാരുടെ ഭാഗം കേട്ടു കൊണ്ടും ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ കളക്ടറുടെയും റിപ്പോർട്ട് പരിശോധിച്ചും ടി അപേക്ഷയിൽ അന്തിമ തീരുമാനമെടുക്കണമെന്ന് വിധിന്യായം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 07/09/2021-ൽ പരാതികക്ഷിയെയും വയനാട് എ.ഡി.എം, വൈത്തിരി തഹസിൽദാർ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയവരെയും നേരിൽ കേട്ടു.

3 ) കുപ്പാടിത്തറ വില്ലേജിൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യക്ക് വേണ്ടി ശ്മശാനം നിർമ്മിക്കുന്നതിനെ എതിർത്തു കൊണ്ടും ശ്മശാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിർത്തിയിൽ നിന്നും 15 മീറ്റർ മാത്രം ദൂരത്തിലാണ് തന്റെ വീട് സ്ഥിതി ചെയ്യുന്നതെന്നും ടി സ്ഥലത്ത് 2005 മുതൽ സ്ഥിരതാമസമാണെന്നും തന്നെയും കുടുംബത്തെയും ഭീഷണിപ്പെടുത്തി

നിലവിൽ മൃതദേഹങ്ങൾ മറവ് ചെയ്ത് വരികയാണെന്നും ഈ പ്രശ്നത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് ശ്രീമതി. മിനിജ ബാബുരാജ് എന്നവരും മറ്റ് പ്രദേശവാസികളും വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. വില്ലേജ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയതിൽ ശ്മശാനം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥലത്തിന് 50 മീറ്റർ ചുറ്റളവിൽ നിലവിൽ 2 വീടുകൾ സ്ഥിതി ചെയ്യുന്നുണ്ടെന്നും ടി സ്ഥലത്ത് ശ്മശാനത്തിന് അനുമതി നൽകുകയാണെങ്കിൽ ക്രമസമാധാനപ്രശ്നവും ആരോഗ്യപരമായ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. ടി ശ്മശാനഭൂമിയുടെ 25 മീറ്റർ പരിധിക്കുള്ളിൽ 19.03.2006 മുതൽ ശ്രീ. ബാബുരാജ്, പരക്കുനി വീട്, മുണ്ടക്കുറ്റി എന്നയാളും കുടുംബവും സ്ഥലം വാങ്ങിച്ച് താമസിച്ച് വരുന്നതായും 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ, ചട്ടം 5 (2) പ്രകാരം ജനവാസഗൃഹങ്ങൾ നിശ്ചിത പരിധിക്കുള്ളിൽ ഉണ്ടോ ഇല്ലയോ എന്നത് ലൈസൻസിനായി അപേക്ഷ നൽകുന്ന തീയതിയിലെ അവസ്ഥ പരിഗണിച്ചാണ് തീരുമാനിക്കേണ്ടതെന്നും ആയത് പ്രകാരം അപേക്ഷകൻ 2004 ഡിസംബർ മാസത്തിൽ തന്നെ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ലൈസൻസ് അനുവദിക്കുന്നതിന് തടസ്സമില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു.

4) 07/09/2021ൽ നടന്ന ഹിയറിംഗിൽ 2004 ൽ തന്നെ അപേക്ഷ കൊടുത്ത് വില്ലേജ് ഓഫീസറും പഞ്ചായത്തും ജില്ല മെഡിക്കൽ ഓഫീസറും സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 21/01/2006-ൽ പത്രപ്പരസ്യം നൽകുകയും പരാതിയുണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് അറിയിക്കുകയും ചെയ്തുവെങ്കിലും പരാതിക്കാർ ആരും വന്നില്ല എന്നും എന്നാൽ 01/03/2006 ൽ ഒരു മരണം നടന്നപ്പോൾ ലൈസൻസില്ലാതെ അടക്കാൻ പറ്റില്ല എന്ന പരാതി വന്നതിനെ തുടർന്ന് ആർ.ഡി.ഒ വന്ന് അടക്കേണ്ട സ്ഥലം കാണിച്ചു കൊടുക്കുകയും ദൂരപരിധി അളക്കുകയും ചെയ്തുവെന്നും അതിന് അന്നത്തെ വാർഡ് മെമ്പർ സാക്ഷിയായിരുന്നു എന്നും പരാതികക്ഷി അറിയിച്ചു. അതിനു ശേഷം ചുറ്റമതിൽ കെട്ടി വേർതിരിച്ച സമയം ഒരാൾ അതിന്റെ പടിഞ്ഞാറ് വശത്തുള്ള റോഡിനപ്പുറം ഒരു ഷെഡ് വച്ചുവെന്നും അതിന് സെമിത്തേരി മതിൽ വരെ 2 5 മീ. ദൂരമുണ്ടെന്നും പരാതി കളക്ടർക്ക് നൽകിയത് തള്ളിയതിനെ തുടർന്ന് സമർപ്പിച്ച അപ്പീൽ തീരുമാനമാകാതെ വന്നപ്പോഴാണ് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതെന്നും പരാതികക്ഷി അറിയിച്ചു

5) ഇതുവരെ ഏഴ് പേരെ അടക്കം ചെയ്തിട്ടുണ്ട് എന്നും അവസാനമായി 2019 മാർച്ചിലാണ് അടക്കം നടന്നതെന്നും അറിയിച്ചു. ചർച്ച് ഓഫ് ഗോഡ് എന്ന സ്ഥാപനം പെന്തക്കോസ്തൽ സഭയുടെ ആഭിമുഖ്യത്തിലുള്ളതും നാൽപ്പത് വർഷത്തിലേറെ പഴക്കമുള്ളതും ആകെ പത്തു കുടുംബങ്ങൾ മാത്രം അംഗങ്ങളായിട്ടുള്ളതും നാൽപ്പത്തിയഞ്ചിൽ താഴെ മാത്രം മൊത്തം അംഗങ്ങളുള്ളതുമായ സ്ഥാപനമാണെന്നും അറിയിച്ചു. ലൈസൻസ് നൽകുമ്പോൾ ദൂരപരിധിയിൽ വീടുകളുണ്ടായിരുന്നില്ല എന്നത് കൊണ്ടാണ് ഭരണ സമിതി അംഗീകാരം നൽകിയതെന്നും പള്ളി സെല്ലാർ പണിത് മതിൽ കെട്ടിയപ്പോഴാണ് എതിർകക്ഷികൾ തടസ്സമുന്നയിച്ചത് എന്നും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സ്ഥിതി ചെയ്യുന്ന പ്രദേശം ആൾ താമസമുള്ള പ്രദേശത്തിനടുത്തായതിനാലും മറ്റ് മതവിശ്വാസികൾ ഉള്ളതിനാലും ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന ജില്ലാ

പോലീസ് മേധാവിയുടെ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

6 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുള്ളതിനാൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യക്ക് വേണ്ടി ശ്മശാനം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വയനാട് ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം രണ്ടു പ്രാവശ്യം ലഭ്യമായ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിരസിച്ചിട്ടുള്ളതിനാൽ പരാമർശം (2) പ്രകാരമുള്ള അപ്പീൽ അപേക്ഷ 1998 ലെ കേരള പഞ്ചായത്ത് രാജ്(ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ, ചട്ടം 6 (11) പ്രകാരം നിരസിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുടെ WP(C)No.7010/2020 ലെ 3-ാം പരാമർശിത വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)

2. സെക്രട്ടറി , പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് , വയനാട്

3. വില്ലേജ് ഒഫീസർ , വൈത്തിരി, വയനാട്

4 . ശ്രീ. മനോജ് .കെ.ഡി , സെക്രട്ടറി , ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ മുണ്ടക്കുറ്റി -പി ഒ, വൈത്തിരി താലൂക്ക് , വയനാട്-670645.

5. ജില്ലാ കളക്ടർ , വയനാട്

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , തിരുവനന്തപുരം

8. എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ& പി.ആർ.ഡി.

10. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 08-03-2022 10:52:25**
സെക്ഷൻ ഓഫീസർ